©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്.**

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്.

933/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,
സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്.

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി. ജി, അഡീഷണൽ സെക്രട്ടറി

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂലൈ 2-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**വി. എൻ. വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2021 ജൂലൈ 2.

# റിപ്പോർട്ട്

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽനിന്ന് ലഭിച്ച മറുപടികളും.

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

### ഖണ്ഡിക നമ്പർ 1

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പ്രാവർത്തികമാക്കുന്നതിന് അധികതുക ആവശ്യമുള്ളതിനാൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 1.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ടി ഇനത്തിൽ 81.44 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 10-3-2021-ലെ ജി.ഒ.(ആർ.റ്റി) 2238/2021/ധന നമ്പർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന 2425-00-001-91 ശീർഷകത്തിൽ 75.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുകയ്ക്കുള്ള ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ബിൽ മാറാൻ സാധിച്ചിട്ടില്ല.

### ഖണ്ഡിക നമ്പർ 2

2425-00-001-90—സഹകരണ പ്രചാരണം

സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന വിവിധങ്ങളായ കർമ്മപരിപാടികൾ ജനങ്ങളിലെത്തിക്കുന്നതുൾപ്പെടെയുള്ള സഹകരണ പ്രചാരണത്തിനും സഹകരണ വകുപ്പിന്റെ മാസികയായ സഹകരണവീഥിയുടെ പ്രസിദ്ധീകരണ സഹായത്തിനും നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫികളുള്ള ചെലവ് തുടങ്ങിയവയ്ക്കുമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സഹകരണ പ്രചരണത്തിനായി 48.97 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ടി ശീർഷകത്തിലെ തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ഖണ്ഡിക നമ്പർ 3

2425-00-001-85—കേരള പുനർനിർമ്മാണം നിർവ്വഹണത്തിനുള്ള സഹകരണ സംഘങ്ങളുടെ ഭരണച്ചെലവ്

സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനോടൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കെയർഹോം, കെയർലോൺ, കെയർഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെടുന്ന കെയർ കേരള പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെയർ കേരള പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി 30.89 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടുതൽ തുക ആവശ്യമില്ലാത്തതിനാൽ അനുവദിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 4

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

സഹകരണ വകുപ്പിലെ ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതികവിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും അധിക തുക ആവശ്യമുള്ളതിനാൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ വകുപ്പിലെ പരിശീലനത്തിന് 27.8 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ജില്ലാതലത്തിൽ പരിശീലനങ്ങൾ നടത്താൻ സാധിക്കാത്തതിനാൽ, ടി ശീർഷകത്തിൽനിന്നും തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ടി ശീർഷകത്തിലെ പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്തിനാൽ അധികതുക ആവശ്യപ്പെട്ടിരുന്നില്ല.

ഖണ്ഡിക നമ്പർ 5

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും മാരകരോഗങ്ങൾ പിടിപെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പ എഴുതിത്തള്ളുന്നതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയെക്കാൾ വളരെ കൂടുതൽ തുക സഹായമായി അനുവദിക്കേണ്ടി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോഅധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽനിന്നും 10.42 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ആയതിൽ 10.00 കോടി രൂപ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ തുക ബാക്കിനിൽപ്പുള്ളതിനാൽ അധികതുക ആവശ്യപ്പെട്ടിരുന്നില്ല.

ഖണ്ഡിക നമ്പർ 6

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി-സബ്സിഡികൾ

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് 26-5-2012 - ലെ സ.ഉ.(സാധാ)315/2012/സഹ. പ്രകാരം 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർപദ്ധതിയായതിനാൽ ലഭിച്ചിട്ടുള്ള ക്ലെയിമുകൾ നൽകുന്നതിനുവേണ്ടിമാത്രം ഒരു കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതിക്കുള്ള 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 7 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ധനലഭ്യത കുറവുമൂലം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ഖണ്ഡിക നമ്പർ 7

2425-00-108-80-33—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായ ധനം-സബ്സിഡികൾ

2020-21 സാമ്പത്തിക വർഷം പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നൽകുന്നതിന് കൺസ്യൂമർഫെഡ്ഡിന്റെ ഉത്സവകാല ചന്തകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ നടത്തുന്നതിനുള്ള ചെലവുകൾക്കായി 25 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നൽകുന്നതിന് കൺസ്യൂമർഫെഡിന് 2020-21 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 66.0793 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം കുറവായതിനാൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 8

2425-00-108-67—മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം

4425-00-108-68—മറ്റ് വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സംഘങ്ങൾക്കുള്ള സഹായം.

ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ്ബാങ്ക്/മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും ട്രാൻസ്ജെൻഡർ സഹകരണ സംഘം രൂപീകരിച്ച് വിജയകരമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും കൊച്ചിയിൽ നടത്തുന്ന കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും സാഹിത്യ മ്യൂസിയം സ്ഥാപിക്കുന്നതിനും കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന സഹകരണ സംഘം മുഖേന പ്രവാസി കേരളീയരുടെ ക്ഷേമത്തിനും ഉൾപ്പെടെ ഈ സ്കീമിലെ വിവിധങ്ങളായ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽപ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 2 കോടി, 1.7 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 3.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2425-00-108-67 ശീർഷകത്തിൽ 4.22 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. SPCS -ന്റെ ആഭിമുഖ്യത്തിൽ ഒരു സാഹിത്യ മ്യൂസിയത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ടി ശീർഷകത്തിൽനിന്നും 1.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21-ൽ കൃതി പുസ്തകോത്സവം നടത്തിയിരുന്നില്ല. ടി ശീർഷകത്തിൽ തുക ബാക്കി നിൽപ്പുള്ളതിനാൽ അധികതുക ആവശ്യപ്പെട്ടിരുന്നില്ല.

4425-00-108-68 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 250.00 ലക്ഷം രൂപയും 22-1-2021-ലെ ജി.ഒ.(ആർ.റ്റി)586/2021/ധന നമ്പർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന ലഭിച്ച 5.69 ലക്ഷം രൂപ ഉൾപ്പെടെ ആകെ 255.69 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 9</u>

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>
4425-00-108-45—<u>ഉപഭോക്തൃസഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>
6425-00-108-22—<u>ഉപഭോക്തൃസഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

കൺസ്യൂമർ ഫെഡറേഷനെ ശക്തിപ്പെടുത്തുന്നതിനായി ഉപഭോക്തൃസഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമായതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 1 കോടി, 32 ലക്ഷം, 14 ലക്ഷം എന്നിങ്ങനെ ആകെ 1.46 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-49 ശീർഷകത്തിൽ 298.65 ലക്ഷം രൂപയും 4425-00-108-45 ശീർഷകത്തിൽ 52.49 ലക്ഷം രൂപയും 6425-00-108-22 ശീർഷകത്തിൽ 49.60 ലക്ഷം രൂപയും ചെലവഴിച്ചിരുന്നു. 2425-00-108-49 ശീർഷകത്തിൽനിന്നും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 100.00 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 10</u>

2425-00-108-47-31—<u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം - സഹായധനം - ശമ്പളം</u>

പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന ക്രമാതീതമായ കുറവ് നിമിത്തം പ്രൊഫഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാഡമിയിലെ അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്ക്

ശമ്പളം നൽകുന്നതിന് പ്രതിസന്ധി നേരിടുന്നതിനാൽ ശമ്പളയിനത്തിലെ ചെലവുകൾക്ക് വേണ്ടി 23.12 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)ന് 2020-21 സാമ്പത്തിക വർഷത്തെ 2425-00-108-47-31 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 400.00 ലക്ഷം രൂപയും 16-9-2020-ലെ ജി.ഒ.(ആർ.റ്റി) 5324/2020/ധന. നമ്പർ ഉത്തരവ് പ്രകാരം അധിക ധനാനുമതി മുഖേന ലഭിച്ച 856.04 ലക്ഷം രൂപ ഉൾപ്പെടെ ആകെ 1256.04 ലക്ഷം രൂപ ഈയിനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 11</u>

2425-00-108-47-35—<u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 12.50 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 24-9-2020-ലെ ജി.ഒ.(ആർ.റ്റി) 5436/2020/ധന. നമ്പർ ഉത്തരവ് പ്രകാരം അധികധനാനുമതി മുഖേന 3.62 കോടി രൂപയും 24-2-2021-ലെ ജി.ഒ.(ആർ.റ്റി) 1722/2021/ധന. നമ്പർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന 1.38 കോടി രൂപയും ലഭിച്ചിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ അക്കാദമിയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനായി ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 5.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 12</u>

2425-00-108-42—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം</u>

4425-00-108-34—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ഓഹരി മൂലധന വിഹിതം</u>

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുവേണ്ടി നിലവിലുള്ള പദ്ധതികൾക്ക് ഉപരിയായി ടി സംഘങ്ങളുടെ സമഗ്രവികസനം ലക്ഷ്യംവച്ച് സഹകരണ വകുപ്പ് വിഭാവനം ചെയ്ത "പുനർജനി" എന്ന പുതിയ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി കൂടുതൽ തുക

ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4.65 കോടി, 6.35 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 11 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-42 ശീർഷകത്തിൽ 11.90 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ വികസനത്തിനായുള്ള പുനർജ്ജനി പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ ആയിട്ടുണ്ടെങ്കിലും പദ്ധതിനടപ്പിൽ വരുത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതിക്ക് അധിക തുക ആവശ്യമായി വന്നില്ല. 27-3-2021-ലെ ജി.ഒ. (ആർ.റ്റി) 3031/2021/ധന. നമ്പർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന 80.00 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി ഇനത്തിൽ 4425-00-108-34 ശീർഷകത്തിൽ 2.296 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 13</u>

2425-00-108-41 —<u>മാതൃകാ സഹകരണസംഘങ്ങൾക്കുള്ള സഹായം</u>

4425-00-108-37—<u>മാതൃകാ സഹകരണ സ്ഥാപനങ്ങൾക്കുള്ള മൂലധനനിക്ഷേപം</u>

6425-00-108-13 —<u>മാതൃകാ സഹകരണസ്ഥാപനങ്ങൾക്കുള്ള വായ്പ</u>

സഹകരണ മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം, 40 ലക്ഷം, 30 ലക്ഷം എന്നിങ്ങനെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിൽ ആകെ 85 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-41 ശീർഷകത്തിൽ 54.00 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

ടി പദ്ധതി ഇനത്തിൽ 4425-00-108-37 ശീർഷകത്തിൽ 1.03 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

ടി പദ്ധതി ഇനത്തിൽ 6425-00-108-13 ശീർഷകത്തിൽ 1.08 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 14

2425-00-108-36—കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ 'കോ-ഓപ് മാർക്ക്' എന്ന് വിളിക്കുന്ന ഏക ബ്രാൻഡിലും ഗുണനിലവാര മുദ്രയിൻകീഴിലും കൊണ്ടുവരുന്നതിന് ഗുണനിലവാര പരിശോധനാലാബും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനും സഹകരണ സ്ഥാപനങ്ങളെ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ പങ്കെടുക്കുന്നതിന് സഹായകമാകുംവിധം "പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സ്" യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കുമായി സബ്സിഡി ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 29.40 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. സഹകരണ ബ്രാൻഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ടി പദ്ധതിയുമായി ബന്ധപ്പെട്ട ഗുണനിലവാര പരിശോധനാ ലാബ്, അനുബന്ധ കാര്യങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ടി ശീർഷകങ്ങളിൽ അധികതുക ആവശ്യമായിവന്നില്ല.

ഖണ്ഡിക നമ്പർ 15

2425-00-108-33—സഹകരണ വകുപ്പിന്റെകീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം

4425-00-108-28—സഹകരണ വകുപ്പിനുകീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും നവീകരണം

6425-00-108-07—സഹകരണ വകുപ്പിനുകീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം

പി.എ.സി.എസ്. ഒഴികെയുള്ള മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം, 5 ലക്ഷം, 5 ലക്ഷം എന്നിങ്ങനെ ഈ സ്കീമിലെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2425-00-108-33 ശീർഷകത്തിൽ 116.75 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 16-3-2021-ലെ ജി.ഒ. (ആർ.റ്റി) 2403/2021/ധന. നമ്പർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന പി.എ.സി.എസ്. ഒഴികെയുള്ള മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 26.75 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

4425-00-108-28 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

6425-00-108-07 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 16

2425-00-108-31—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം
4425-00-108-26—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം

വനിതാ ഫെഡറേഷനെ ശക്തിപ്പെടുത്തുന്നതിനായി സബ്സിഡി, ഓഹരി എന്നീ ഇനങ്ങളിലായി 1.7 കോടി വീതം ആകെ 3.4 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതി ഇനത്തിൽ 2425-00-108-31 ശീർഷകത്തിൽ 1.80 കോടി രൂപയും 4425-00-108-26 ശീർഷകത്തിൽ 93.25 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. വനിത ഫെഡറേഷന് 50.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയെങ്കിലും, ധനലഭ്യത കുറവുമൂലം തുക അനുവദിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 17

2425-00-800-93—മെമ്പർ റിലീഫ് ഫണ്ട്

സഹകരണ സംഘങ്ങളിലെ അംഗങ്ങളായവരിൽ മാരകരോഗബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർ/ശയ്യാവലംബരായവർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ, മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട കുട്ടികൾ, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള

മെമ്പർ റിലീഫ് ഫണ്ടിൽനിന്നും 35 കോടി രൂപ 2018 - ൽ കേരളത്തിലെ പ്രളയബാധിതരായവർക്ക് കെയർ ഹോം പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകുന്നതിനുവേണ്ടി എടുത്തിരുന്നത് പ്രതിവർഷം 5 കോടി രൂപവീതം തിരികെ നൽകുന്നതിന്റെ ആവശ്യത്തിനായി ഒരു കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 9.00 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 7-12-2020-ലെ ജി.ഒ. (ആർ.റ്റി) 7146/2020/ധന. നമ്പർ ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ ധന പുനർവിനിയോഗം മുഖേന 5.00 കോടി രൂപ ലഭിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായി മെമ്പർ റിലീഫ് ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 18</u>

4425-00-108-71—<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം</u>

6425-00-108-74—<u>സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)</u>

പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കിവരുന്ന സംയോജിത വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ടി ജില്ലകളിലെ സംഘങ്ങളുടെ വികസനത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയേക്കാൾ വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽപ്രസ്താവിച്ച ശീർഷകങ്ങളിൽ 16.36 കോടി രൂപ, 14.19 കോടി രൂപ എന്നിങ്ങനെ ഓഹരി, വായ്പ ഇനത്തിൽ ആകെ 30.55 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

4425-00-108-71 ശീർഷകത്തിൽ 13.64 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 6425-00-108-74 ശീർഷകത്തിൽ 12.81 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ICDP പദ്ധതിയുടെ കാലാവധി 31-1-2021 വരെയാണ് ടി കാലാവധി നാളിതുവരെ എൻ.സി.ഡി.സി.യിൽനിന്നും ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ഇടുക്കി ജില്ലയിൽ ICDP പദ്ധതിയുടെ കാലാവധി 31-3-2021 വരെ ദീർഘിപ്പിച്ച് നൽകിയത് സാമ്പത്തിക വർഷാവസാനം ആണ്. ടി കാരണങ്ങളാൽ ടി ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ഖണ്ഡിക നമ്പർ 19

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമികസംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ/യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം നൽകുന്നതിനും കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും 2020-21-ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾക്ക് സഹായം നൽകുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ മേൽപ്രസ്താവിച്ച ശീർഷകങ്ങളിൽ 5.24 കോടി രൂപ, 7.66 കോടി രൂപ എന്നിങ്ങനെ ഈ സ്കീമിലെ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 12.9 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4425-00-108-42 ശീർഷകത്തിൽ 31.76 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 15-10-2020-ലെ ജി.ഒ.(ആർ.റ്റി) 5955/2020/ധന നമ്പർ ഉത്തരവ് പ്രകാരം 10.00 കോടി രൂപയും 18-1-2021-ലെ ജി.ഒ. (ആർ.റ്റി) 404/2021/ധന നമ്പർ ഉത്തരവ് പ്രകാരം 10.00 കോടി രൂപയും ടി ശീർഷകത്തിൽ അധികധനാനുമതി മുഖേന ലഭിച്ചിട്ടുണ്ട്.

6425-00-108-19 ശീർഷകത്തിൽ 44.9625 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 15-10-2020-ലെ ജി.ഒ.(ആർ.റ്റി) 5955/2020/ധന നമ്പർ ഉത്തരവ് പ്രകാരം 12.50 കോടി രൂപയും 18-1-2021-ലെ ജി.ഒ.(ആർ.റ്റി) 404/2021/ധന നമ്പർ ഉത്തരവ് പ്രകാരം 12.50 കോടി രൂപയും 11-2-2021-ലെ ജി.ഒ. (ആർ.റ്റി) 1197/2021/ധന ഉത്തരവ് പ്രകാരം 3.6225 കോടി രൂപയും ടി ശീർഷകത്തിൽ അധികധനാനുമതി മുഖേന ലഭിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 20

6425-00-108-10—നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ

അടിസ്ഥാന സൗകര്യ വികസനത്തിനായി കൊല്ലം ജില്ലാ സഹകരണ ആശുപത്രിക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11.37 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. Reimbursement നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

ഖണ്ഡിക നമ്പർ 21

4408-02-195-86—പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനും - ഫെഡറേഷനുകൾക്കും ധനസഹായം (എൻ.സി.ഡി.സി)(100% കേന്ദ്രാവിഷ്കൃത പദ്ധതി)

6408-02-195-65—പ്രൈമറി കോ-ഓപ്പറേറ്റീവ്സ് - നും ഫെഡറേഷനുകൾക്കുംവേണ്ടി വായ്പ

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതികളായ കോൾഡ് ചെയിൻ, യുവസഹകാർ എന്നിവ നടപ്പിലാക്കുന്നതിനും ധനസഹായം ആവശ്യമുള്ളതിനാൽ 59 ലക്ഷം, 3.32 കോടി എന്നിങ്ങനെ ഓഹരി, വായ്പ ഇനത്തിൽ ആകെ 3.91 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4408-02-195-86 ശീർഷകത്തിൽ 3.185 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി വായ്പ ഇനത്തിൽ ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

[സഹകരണ (ബി) വകുപ്പിന്റെ 22-6-2021-ലെ ബി3/233/2020/സഹ. നമ്പർ കത്ത്]

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

### ഖണ്ഡിക നമ്പർ 22

3475-00-106-99-05.3—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ആഫീസ് ലാൻഡ് ഫോണുകളുടെ ബില്ലുകൾക്കുപുറമെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള CUG SIM-ന് എല്ലാ വർഷവും തുക ഒടുക്കേണ്ടിവരുന്നതിനാൽ അധിക തുക ആവശ്യമാണ്. ആയതിനാൽ, മേൽശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 23

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി

ഭവന നിർമ്മാണ ബോർഡിന്റെയും സ്വകാര്യ കെട്ടിടങ്ങളുടെയും വാടക കുടിശ്ശിക നൽകുന്നതിനും പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറോഫീസുകൾക്കുള്ള വാടക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 24

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം, മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.

ഉപഭോക്തൃ സംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി രാത്രികാല മിന്നൽ പരിശോധനകൾ സംസ്ഥാനമൊട്ടാകെ വിപുലപ്പെടുത്തിയിട്ടുള്ളതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 14 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, 10 ലക്ഷം രൂപ അധികമായി മേൽശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ഖണ്ഡിക 22, 23, 24)</u>

നടപ്പുവർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നശേഷം വിശദമായ ചെലവ് സ്റ്റേറ്റ്മെന്റ് സഹിതം അധികതുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ്. പ്രസ്തുത വിവരം ലീഗൽ മെട്രോളജി കൺട്രോളറെ അറിയിച്ചിട്ടുണ്ട്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 2-3-2021-ലെ സി.എ 2/126/2020/ഉ.കാ.വ. നമ്പർ കത്ത്)

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

### <u>ഖണ്ഡിക നമ്പർ 25</u>

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന പദ്ധതി ശീർഷകത്തിലെ ഘടകമായ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോൺഫറൻസ് ഹാൾ ലൈബ്രറി ആൻഡ് റീഡിംഗ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിന് 1 കോടി രൂപയും എറണാകുളം ഇലഞ്ഞിയിലുള്ള എസ്റ്റാബ്ലിഷിംഗ് ഓഫ് ചിൽഡ് സ്റ്റോറേജ് ആൻഡ് വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ ഫയർ ഫൈറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാൻ 50 ലക്ഷം രൂപയും എക്സ്ട്രാ വർക്ക് ഐറ്റം ചെയ്യുന്നതിന് 55 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.05 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2408-01-004-99—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എന്ന ശീർഷകത്തിന് കീഴിൽ ധനാഭ്യർത്ഥനകളുടെ പരിശോധന റിപ്പോർട്ടിലെ ഖണ്ഡിക 25-ൽ പറഞ്ഞിട്ടുള്ളവ ഉൾപ്പെടെ പതിനൊന്ന് കമ്പോണന്റുകൾക്കായി 532 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 425.786 ലക്ഷം രൂപ (PSTSB അക്കൗണ്ടിൽനിന്നും 2019-20 സാമ്പത്തിക വർഷം തിരിച്ചെടുത്ത 283.226 ലക്ഷം രൂപ തിരികെ നൽകിയത് ഉൾപ്പെടെ) സി.എഫ്.ആർ.ഡി. യ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ എസ്റ്റാബ്ലിഷ്മെൻഡ് ഓഫ് കോൺഫറൻസ് ഹാൾ ലൈബ്രറി ആൻഡ് റീഡിംഗ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജി എന്ന പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ടി തുക വിനിയോഗിക്കുന്നതിനായുള്ള പ്രൊപ്പോസൽ സി.എഫ്.ആർ.ഡി. സമർപ്പിക്കുകയോ ടി പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം സി.എഫ്.ആർ.ഡി. - ക്ക് തുക റിലീസ് ചെയ്ത് നൽകുകയോ ഉണ്ടായിട്ടില്ല.

എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ചിൽഡ് സ്റ്റോറേജ് ഫോർ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റ് എന്ന പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2020-21 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്ക് വേണ്ടിയും തുക ലഭ്യമാക്കുന്നതിനായി സി.എഫ്.ആർ.ഡി. പ്രൊപ്പോസൽ സമർപ്പിക്കുകയോ തുക സി.എഫ്.ആർ.ഡി. - ക്ക് റിലീസ് ചെയ്ത് നൽകുകയോ ഉണ്ടായിട്ടില്ല.

ധനാഭ്യർത്ഥനാ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ടി രണ്ട് പദ്ധതികൾക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകകൾ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സി.എഫ്.ആർ.ഡിയിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക റിലീസ് ചെയ്തതിനുശേഷം ധനാഭ്യർത്ഥനയിൽ പരാമർശിക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ പ്രൊപ്പോസലുകൾ സി.എഫ്.ആർ.ഡി. നൽകുന്ന മുറയ്ക്ക് ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോബന്ധപ്പെട്ട ശീർഷകത്തിൽ അധികതുക വകയിരുത്തുന്നതാണെന്ന് അറിയിക്കുന്നു.

(ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 6-10-2020-ലെ 4356396/ഡി1/2020/ഭ.പൊ.വി.വ. നമ്പർ കത്ത്).

## ഖണ്ഡിക നമ്പർ 26

### 2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ - സബ്സിഡികൾ

2020-21 സാമ്പത്തിക വർഷത്തിൽ 2020 ഏപ്രിൽ 1 മുതൽ 2021 ഫെബ്രുവരി 28 വരെ 5 ലക്ഷം മെട്രിക് ടൺ നെല്ലിന്റെയും 2020 മാർച്ചിൽ സംഭരിക്കുന്ന 1 ലക്ഷം മെട്രിക് ടൺ നെല്ലിന്റെയും ഉൾപ്പെടെ ആകെ 6 ലക്ഷം മെട്രിക് ടൺ നെല്ലിന്റെ തുകയുടെ ക്ലെയിം ആയി 528 കോടി രൂപ സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഔട്ട്ടേൺ റേഷ്യോ 68% - ൽ നിന്ന് 64.5% ആയി കുറച്ചുകൊണ്ടുള്ള സാമ്പത്തികബാധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്നു. ഈ ഇനത്തിൽ 65 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച ക്ലെയിമുകൾ ബഡ്ജറ്റ് അലോക്കേഷൻ പരിധി കടന്നതിനാൽ അവയും 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോക്കേഷൻ പരിധി കടന്നതിനാൽ അവയും 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച ക്ലെയിമുകളിൽ ഇനിയും 200 കോടി രൂപയ്ക്കുമേൽ അനുവദിച്ച് കിട്ടാനുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ആകെ 800 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 275 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2408-01-101-96-33 ശീർഷകത്തിൽ അധിക ധനസഹായം അനുവദിക്കുന്നതിലേക്കായി സമർപ്പിച്ച ശിപാർശകളുടെ വെളിച്ചത്തിൽ G. O. (Rt.) No. 4250/2020, dated 21-7-2021, G. O. (Rt.) No. 5325/20, dated 16-9-2020, G. O. (Rt.) No.6497/2020, dated 10-11-2020 എന്നിവ പ്രകാരം യഥാക്രമം 187.541 കോടി രൂപ, 34.02 ലക്ഷം രൂപ, 30.48 കോടി രൂപ വീതം ആകെ 218.6612 കോടി രൂപ നാളിതുവരെ അധികധന സഹായമായി അനുവദിച്ചിട്ടുണ്ട്.

[ഭക്ഷ്യപൊതുവിതരണ (സി)വകുപ്പിന്റെ 22-3-2021-ലെ 118/സി2/2020/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 27

2408-01-101-94—റേഷൻ സബ്സിഡി

നിലവിൽ ദേശീയ ഭക്ഷ്യ സുരക്ഷാനിയമം അനുസരിച്ച് റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി എത്തിക്കുന്നതിന് ശരാശരി 20.08 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂലി ഏകീകരണം വരെ പുതിയ ഇ-ടെണ്ടർ നടപടികൾ നിർത്തിവച്ചിട്ടുള്ളതിനാലും കടത്ത് കരാറുകാരുടെ കാലാവധി ഭൂരിഭാഗം താലൂക്കുകളിലും അവസാനിച്ചതിനാലും താൽക്കാലിക ക്രമീകരണാടിസ്ഥാനത്തിലാണ് കടത്തുകരാർ ജോലികൾ നടന്നുവരുന്നത്. ആയതിനാൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 11.18 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം 2408-01-101-94-03-33 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 229.78 കോടി രൂപയായിരുന്നു. ആയതിൽ നിന്നും 229 കോടി രൂപ കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സപ്ലൈകോയിലൂടെ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി വിനിയോഗിക്കുകയുണ്ടായി. തുടർന്ന് ഈ വർഷം റേഷൻ അരിയുടെയും ഗോതമ്പിന്റെയും കൈകാര്യ ചെലവുകൾ വഹിക്കുന്നതിനായി അധികധനസഹായം അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 112.81 കോടി രൂപയും 195.82 കോടി രൂപയും 2408-01-101-94-03-33 എന്ന ശീർഷകത്തിൽ അധിക ധനസഹായമായി അനുവദിച്ചിട്ടുള്ളതുമാണ്.

[ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 19-10-2020-ലെ 22/ഡി2/2020/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 28

2408-01-102-99-33 —കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-സബ്സിഡികൾ

പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ ഇനത്തിൽ 348 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 198 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2408-01-102-99-33 സപ്ലൈകോയുടെ വിപണിയിടപെടൽ ശീർഷകത്തിൽ സമർപ്പിച്ച ശിപാർശകളുടെ വെളിച്ചത്തിൽ നടപ്പ് സാമ്പത്തിക വർഷം അധിക ധന സഹായമായി നാളിതുവരെ 3235.08 കോടി രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുക മുഴുവൻ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിതരണം ചെയ്ത ഭക്ഷ്യധാന്യ കിറ്റ് വിതരണത്തിന് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. വിപണിയിടപെടലിനായി 2020-21 സാമ്പത്തിക വർഷത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 22-3-2021-ലെ 118/സി2/2020/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 29

2408-01-190-92—സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ

സപ്ലൈകോയുടെ കീഴിലുള്ള ചില്ലറ വിൽപ്പനശാലകൾ നവീകരിക്കുന്നതിനായി 4.14 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സപ്ലൈകോയുടെ കീഴിലുള്ള വില്പനശാലകൾ നവീകരിക്കുന്നതിനായി നാളിതുവരെ അധികതുകയൊന്നും വകയിരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഒരു ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 22-3-2021-ലെ 118/സി2/2020/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 30

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ഉപഭോക്തൃ ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശിൽപ്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനും അധികതുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശീർഷകത്തിൽ അധിക ധന സഹായമായി 3 ലക്ഷം രൂപ 2020-21 വർഷത്തെ അന്തിമഘട്ട ഉപധനാഭ്യർത്ഥനയിൽപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശ ധനവകുപ്പിന്റെ പരിഗണനയിലാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 2-3-2021-ലെ സി.എ 2/126/2020/ഉ.കാ.വ. നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 31

3456-00-001-89-34-3—ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ-മറ്റിനം

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സംസ്ഥാനതല വിജിലൻസ് സമിതിയോഗങ്ങളുടെ ചെലവുകൾക്കായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ്-19 - ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനതല വിജിലൻസ് കമ്മിറ്റികളുടെ യോഗങ്ങൾ ചേരുന്നതിന് കാലതാമസമുണ്ടായതിനാൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം അധികതുക അനുവദിക്കേണ്ടി വന്നിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 22-1-2021-ലെ 4356396/ബി3/2020/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 32

3456-00-001-76—സ്റ്റേറ്റ് കൺസ്യൂമർ അഫയേഴ്സ് ഡിവിഷന്റെ രൂപീകരണം

ഉപഭോക്തൃ ഡിവിഷൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ഓഫീസ് ആരംഭിക്കുന്നതിനും അതിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും പ്രൈസ് റിസർച്ച് യൂണിറ്റ്, ടി യൂണിറ്റിലെ റിസർച്ച് ഫെലോസിന് വേതനം എന്നിവയ്ക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1.58 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കൺസ്യൂമർ അഫേയേഴ്സ് ഡിവിഷൻ ഓഫീസിനായി പ്രത്യേക കെട്ടിടം കണ്ടെത്താനാകാതെ വന്നതുമൂലം നിലവിൽ പബ്ലിക് ഓഫീസ് ബിൽഡിംഗിൽ ഒഴിഞ്ഞുകിടപ്പുള്ള മുറി ഡിവിഷൻ ഓഫീസിനായി ഫർണ്ണിഷിംഗ് ചെയ്ത് ഉപയോഗപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഓഫീസ് ഫർണ്ണിഷിംഗ്, ഓഫീസ് സാമഗ്രികൾ വാങ്ങൽ, ഐ.സി.ടി. അടിസ്ഥാനസൗകര്യം, IEC ലാബ്, പ്രൈസ് റിസർച്ച് യൂണിറ്റ് എന്നിവയ്ക്കായി ആകെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ചെലവ് 112 ലക്ഷം രൂപ ആകയാൽ ശീർഷകത്തിൽ നിലവിലുള്ള 42 ലക്ഷം രൂപ കുറച്ച് 70 ലക്ഷം രൂപ 2020-21 വർഷത്തെ അന്തിമഘട്ട ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശ ധനവകുപ്പിന്റെ പരിഗണനയിലാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 2-3-2021-ലെ സി.എ 2/126/2020/ഉ.കാ.വ. നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 33</u>

4408-02-101-99—<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള വലിയതുറ, കൊല്ലം, തിരുവല്ല എന്നിവിടങ്ങളിലും എറണാകുളത്ത് ഇടപ്പള്ളിയിലും സംഭരണശാലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ 8.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗോഡൗൺ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച് സപ്ലൈകോ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമാണ് ഈ ശീർഷകത്തിൽനിന്നും തുക റിലീസ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ചെലവ് വന്നിട്ടുള്ള 75 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം സപ്ലൈകോയുടെ PSTB അക്കൗണ്ടിൽനിന്നും തിരിച്ചെടുത്ത തുക മടക്കിനൽകുന്നതിനായി വിനിയോഗിച്ചതാണ്. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയും 1.82 കോടി രൂപയുടെ ബില്ലുകൾ മാത്രമെ സപ്ലൈകോ ഇന്റർമീഡിയറി ഗോഡൗൺ നിർമ്മാണ ചെലവിനത്തിൽ സമർപ്പിച്ചിട്ടുള്ളൂ. ടി തുക വിതരണം ചെയ്തതിനുശേഷവും ശീർഷകത്തിൽ 9.48 കോടി രൂപ ബാക്കിയുണ്ടാകും. അതിനാൽ ഈ ശീർഷകത്തിൽ അധികധനസഹായം അനുവദിക്കപ്പെട്ടാൽ തുക ലാപ്സായി പോകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 22-3-2021-ലെ 118/സി2/2020/ഭ.പൊ.വി.വ. നമ്പർ കത്ത്]

തിരുവനന്തപുരം,
2021 ജൂലൈ 2.

**വി. എൻ. വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*